<u>**പതിനാലാം കേരള നിയമസഭ**</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4909

**14/11/2019 ൽ മറുപടിക്ക്**

# <u>റവന്യൂ രേഖകളിലെ പിശകുകൾ തിരുത്താൻ നടപടി</u>

**<u>ചോദ്യം</u>**

**ശ്രീ.എൻ. ഷംസുദ്ദീൻ**
**,, ടി. വി. ഇബ്രാഹിം**
**,, പി.കെ.അബ്ദു റബ്ബ്**
**ഡോ.എം. കെ. മുനീർ**

**<u>മറുപടി</u>**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | റവന്യൂ രേഖകളിലെ വസ്തു വിവരത്തിലും ഉടമകളുടെ പേരിലും ഉണ്ടായിട്ടുള്ള പിശകുകൾ തിരുത്തുന്നതിനുവേണ്ടി പൊതുജനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളാത്ത എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ രേഖകളിലെ വസ്തു വിവരത്തിലും ഉടമകളുടെ പേരിലും ഉണ്ടായിട്ടുള്ള പിശകുകൾ തിരുത്തുന്നതിനുവേണ്ടി പൊതുജനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളാത്ത 1,10,030 അപേക്ഷകൾ നിലവിലുണ്ട്. |
| (ബി) | അവയിൽ ഒരു വർഷത്തിലേറെ പഴക്കമുള്ള എത്ര അപേക്ഷകളുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; | (ബി) | ഒരു വർഷത്തിലേറെ പഴക്കമുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു |
| (സി) | ഇവ പരിശോധിച്ച് സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കാർഡുകളിൽ സംഭവിച്ചിട്ടുള്ള പിശക് തിരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ 26-08-2017 ലെ സ.[illegible]എം.എസ്) 303/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവെ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട (എൽ.ആർ.എം) അപേക്ഷകളിന്മേലുള്ള നടപടികളുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുള്ളതും, ടി പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാറുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നതുമാണ്. ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്കായി താലൂക്കിൽ ലാവണമുള്ള സർവെ ജീവനക്കാർ അപര്യാപ്തമായതിനാൽ കൂടുതൽ സർവെ ജീവനക്കാരെ റീസർവെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും നൽകിവരുന്നു. കൂടാതെ അപേക്ഷയുടെ സ്റ്റാറ്റസ് അപേക്ഷകനും മേലുദ്യോഗസ്ഥനും പരിശോധിക്കുന്നതിനായി എൽ.ആർ.എം. നടപടിക്രമങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഒരു വർഷത്തിലേറെ പഴക്കമുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക്**

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 2231 |
| 2 | കൊല്ലം | 599 |
| 3 | പത്തനംതിട്ട | 986 |
| 4 | ആലപ്പുഴ | 2010 |
| 5 | കോട്ടയം | 2293 |
| 6 | ഇടുക്കി | 3004 |
| 7 | എറണാകുളം | 2291 |
| 8 | തൃശ്ശൂർ | 1274 |
| 9 | പാലക്കാട് | 7073 |
| 10 | മലപ്പുറം | 2253 |
| 11 | കോഴിക്കോട് | 468 |
| 12 | വയനാട് | 2116 |
| 13 | കണ്ണൂർ | 571 |
| 14 | കാസർഗോഡ് | 8871 |

സെക്ഷൻ ഓഫീസർ